# വി കെ എൻ എം വി എച്ച് എസ് എസ്

# വയ്യാറ്റുപുഴ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# അധ്യായം 1

## സ്കൂളിൻറെ വിവരങ്ങൾ

സ്കൂൾ: വി കെ എൻ എം വി എച്ച്എസ്എസ് വയ്യാറ്റുപുഴ

ജില്ല: പത്തനംതിട്ട

ബ്ലോക്ക്: റാന്നി

സ്ഥാപിതമായ വർഷം: **1956**

മാനേജ്മെൻറ്: പ്രൈവറ്റ് എയ്ഡഡ്

പഠന മേഖല: ഒന്നുമുതൽ **12** വരെ

മീഡിയം: മലയാളം

ഗ്രാമീണ മേഖല

## അടിസ്ഥാന സൗകര്യങ്ങൾ

എൽ പി വിഭാഗം- **2** അധ്യാപകർ

ക്ലാസ് മുറികൾ-

യുപി വിഭാഗം- **2** അധ്യാപകർ

ക്ലാസ് മുറികൾ-

എച്ച് എസ് വിഭാഗം- **5** അധ്യാപകർ

ക്ലാസ് മുറികൾ

ഹെഡ്മാസ്റ്റർ മുറി- പ്രത്യേകം

വെള്ളം- കിണർ (പ്രവർത്തനക്ഷമം)

ശൗചാലയങ്ങൾ- ആൺകുട്ടികൾ() പെൺകുട്ടികൾ()

ലൈബ്രറി- പുസ്തകങ്ങൾ

കമ്പ്യൂട്ടറുകൾ- പ്രവർത്തനക്ഷമം

കളിസ്ഥലം- ഉണ്ട്

ഉച്ചഭക്ഷണം- സ്കൂളിൽ തന്നെ തയ്യാറാക്കുന്നു.

## പരിമിതികൾ

അധ്യാപകരുടെ കുറവ് (എൽ പി - 2, യു പി – 2 എച്ച് എസ് – 1) ക്ലാസ് മുറികളിൽ ചിലത് അടിസ്ഥാന സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്നു. ആൺകുട്ടികളുടെ ടോയ്‌ലറ്റ് നില മോശം. പെൺകുട്ടികളും അധ്യാപികമാരും ഒരേ ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നു. ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, എന്നിവയുടെ ശോച്യാവസ്ഥ. സ്കൂൾ ബസ് സൗകര്യത്തിന്റെ അപര്യാപ്തത.

## ഭാവി പദ്ധതികൾ

ലൈബ്രറി ഒരുക്കി പുസ്തകങ്ങളും ഡിജിറ്റൽ കണ്ടന്റുകൾ സമർത്ഥമാക്കാം. കമ്പ്യൂട്ടർ വിദ്യാഭ്യാസം വികസിപ്പിക്കുക. പിടിഎ സജീവമായി പങ്കാളിയാകുന്ന പദ്ധതികൾ. അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം.

## ഉപസംഹാരം

പരിമിതികൾ ഉണ്ടെങ്കിലും അധ്യാപകരുടെയും രക്ഷിതാക്കളുടെ സഹകരണം മൂലം വിദ്യാർത്ഥികൾക്ക് മികച്ച വിജയം വിദ്യാഭ്യാസം നൽകാൻ വിദ്യാലയം എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കി അറിവ് കഴിവ് മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്കൂൾ നിരന്തര പ്രവർത്തിച്ചുവരുന്നു.

# അധ്യായം 2 മാസ്റ്റർ പ്ലാൻ- എൽ പി, യു പി, ഹൈസ്കൂൾ

## ദർശനം

മാനവിക മൂല്യങ്ങൾ അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ ബൗദ്ധിക, സാമൂഹിക, മാനസിക വികസനം ലക്ഷ്യമാക്കി സംയുക്തമായ വിദ്യാഭ്യാസം നൽകുക.

## ദൗത്യം

പ്രാഥമികത്തിൽ നിന്നും പ്ലസ് ടു വരെ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള സമവായ പരമായ വിദ്യാഭ്യാസ ഉറപ്പാക്കുക. ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക. പരിസ്ഥിതി സൗഹൃദവും ശാന്തതയും പ്രചോദനമേകുന്ന പഠന മേഖല ഒരുക്കുക. വിദ്യാഭ്യാസത്തിലൂടെ ആത്മവിശ്വാസവും സാമൂഹ്യബോധവും ഉള്ള പൗരന്മാരെ വളർത്തുക.

## വിദ്യാഭ്യാസപരമായ ആവിഷ്കാരങ്ങൾ

- എൽപി യുപിഎച്ച്എസ് സെക്ഷനുകളിൽ ഉന്നത നിലവാരത്തിലുള്ള പഠനവും വിഷയാനുസ്വത പ്രവർത്തനങ്ങളും.
- ശാസ്ത്രം, ഗണിതം, സാമൂഹ്യവിജ്ഞാന പ്രവർത്തനങ്ങൾ.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷാ വികാസം.
- ശാസ്ത്ര, ഗണിതശാസ്ത്ര, സോഷ്യൽ സയൻസ്, വർക്ക് എക്സ്പീരിയൻസ് മേളകൾക്ക് തയ്യാറാക്കൽ.
- കായിക മത്സരങ്ങൾ, യൂത്ത് ഫെസ്റ്റിവൽ
- പ്രധാന ദിനാചരണങ്ങൾ.
- പഠനപിന്തുണാ ക്ലാസുകൾ.
- അസംബ്ലികൾ.
- നിരന്തര അക്കാദമിക് വിലയിരുത്തൽ.
- ഇൻക്ലൂസിവ് എജ്യുക്കേഷൻ.
- എസ്എസ്എൽസി ഉന്നതഫലത്തിനായുള്ള പരിശീലനം.
- സ്കോളർഷിപ്പ് പരിശീലനങ്ങൾ.
- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സോഷ്യൽ സയൻസ്, സയൻസ്, ഗണിതം, വിമുക്തി, ജൈവം).
- കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കാൻ വേണ്ടിയുള്ള ക്ലാസുകൾ.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ.
- കൗൺസിലിംഗ് ക്ലാസുകൾ.
- ശാസ്ത്രം, ഗണിതം, സാമൂഹ്യ വിജ്ഞാനം എന്നീ വിഷയങ്ങളിൽ ക്വിസ് മത്സരങ്ങൾ.

## എൽ പി വിഭാഗം

| മലയാളം | ക്ലാസ് 1 | ക്ലാസ് 2 | ക്ലാസ് 3 | ക്ലാസ് 4 | കാലം/ചുമ ല |
|---|---|---|---|---|---|
| ഭാഷ ശേഷി വികസനം | അടിസ്ഥാന ഭാഷാശേഷി കട്ടിക്കൂട്ടം അമ്മ വായന അമ്മമാർ അവതരണം | എഴുത്തും വായനയും കൂടുതൽ ദൃഢമാക്കാൻ, ലഘുരചന, കഥ കവിത ആലാപനം, വേദിയൊരുക്കൽ,ശില്പശാല | സാഹിത്യകാരന്മാരെ പരിചയപ്പെടാൻ ആസ്വാദനക്കുറിപ്പ് കഥാ രചന കവിതാരചന അവതരണം നാട്ടു വായന | പ്രത്യേക പരിഗണക്കാരെ പരിഗണിക്കൽ വായന ക്കൂട്ടം ലൈബ്രറി ഒരുക്കണം പുസ്തക പരിചയം ആനുകാലിക വായന സംവാദം | ജൂൺ ജൂലൈ ഓഗസ്റ്റ് മുതൽ എസ ആർ ജി ടീച്ചർ പിടിഎ |

| ഇംഗ്ലീഷ് | ക്ലാസ് 1 | ക്ലാസ് 2 | ക്ലാസ് 3 | ക്ലാസ് 4 | കാലം/ചു തല |
|---|---|---|---|---|---|
| ഭാഷ ശേഷി നേടൽ | കാർട്ടൂൺ പ്രദർശനം, സിനിമ പ്രദർശനം, മാസത്തിൽ ഒന്ന്.<br>Story<br>English fest | ആത്മവിശ്വാസത്തോട്<br>ചെറിയ സംഭാഷണം.<br>ഇംഗ്ലീഷ് ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി.<br>Story വായന.<br>ഡയറി.<br>English fest. | ആശയം മറിഞ്ഞ് ഒഴുക്കോടെ വായന, വാർത്ത വായന, ലൈബ്രറി വായന, ബാലപ്രസിദ്ധീകരണ വായന, ഡയറി, English fest. | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും കഴിവ്, ഡയറി, അസംബ്ലി, സ്കിറ്റ്, ഡ്രാമ, സംഭാഷണം, Story, മാഗസിൻ തയ്യാറാക്കാം. | ജൂൺ മുതൽ ജനുവരി<br>ടീച്ചർ<br>പി ടിഎ<br>എസ് ആ ജി |
| ഗണിതം | | | | | |

| | | | | | |
|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ, അടിസ്ഥാന ക്രിയ, പ്രവർത്തനം ഉറപ്പിക്കാം. | ഗണിത പ്രവർത്തന കളികൾ, രൂപ നിർമ്മാണം, ഗണിത ചാർട്ട്, ചിത്ര ചാർട്ട്. | ഗണിതം, ലളിതം, പ്രവർത്തനം, കുസൃതി കണക്ക്, പസിൽ നിർമ്മാണം പരിചയപ്പെടൽ, | ഗണിത വിജയം, കളികൾ, കുസൃതി കണക്ക്, പസിൽ, ഒറിഗാമി, ഗണിതോത്സവം, ഗണിത പ്രദർശനം. | ചതുഷ്ക്രിയ ലളിതമാക്കൽ, ഗണിത കളികൾ, ഒറിഗാമി, ഗണിത ലാബ് പ്രയോജനപ്പെടുത്തൽ, ഗണിത ചുവർ മാസിക, പഠനോപകരണ നിർമ്മാണം, പാറ്റേൺ, പസിൽ പ്രദർശനം. | ജൂൺ മുതൽ എസ ആർ ജി, പി ടിഎ ടീച്ച . |
| പരിസര പഠനം **EVS** | | | | | |
| പ്രകൃതി സംരക്ഷണം, സ്നേഹം വളർത്തൽ, ശുചിത്വം, വ്യക്തി ശുചിത്വം, നാട്ടറിവുകൾ, ഔഷധ തോട്ട നിർമ്മാണം, വ്യായാമം, ആരോഗ്യം, ലഘു പരീക്ഷണം, ശാസ്ത്ര താൽപര്യം ഉയർത്തൽ. | ഔഷധ തോട്ടനിർമ്മാണം, ആഹാര ശീലം, ഭക്ഷ്യ മേള, പുഷ്പ ഉദ്യാനം, ശുചിത്വ സർവ്വേ, പോസ്റ്റർ നിർമ്മാണം, പ്രകൃതി നടത്തം, വ്യായാമം, ആരോഗ്യം. | ഔഷധ തോട്ട നിർമ്മാണം, ആഹാര ശീലം, ശുചിത്വ സർവ്വേ, ആരോഗ്യം, വ്യായാമം, പ്രകൃതി നടത്തം, കാണാ കാഴ്ചകൾ, കർഷകരുമായി, ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം, ശാസ്ത്ര മേള, ലഘു പരീക്ഷണം. | ഔഷധ തോട്ടം, ശുചിത്വ സർവ്വേ, ആരോഗ്യം,വ്യായാമം, പ്രകൃതി നടത്തം, കാണാ കാഴ്ചകൾ, കർഷകരുമായി, ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം, ശാസ്ത്ര മേള, ലഘു പരീക്ഷണം, ജൈവ പാർക്ക്, ശാസ്ത്ര മാസിക പരിചയം, ജല സംരക്ഷണ പ്രവർത്തം. | ഔഷധ തോട്ട നിർമ്മാണം, ശുചിത്വ സർവ്വേ, ആരോഗ്യം,വ്യായാമം, ,പ്രകൃതി നടത്തം, കാണാ കാഴ്ചകൾ, കർഷകരുമായി, ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം, ശാസ്ത്ര മേള, ലഘു പരീക്ഷണം, ജൈവ പാർക്ക്, ശാസ്ത്ര മാസിക പരിചയം. | |

# യു പി വിഭാഗം

യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി English ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രാപ്തമാക്കുന്നു | July | English Teacher | English Club |
| | Follow Me If You Can ! - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | June | English Teacher | |
| | Breaking News - English radio വാർത്തകൾ record ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾക്കാൻ അവസരമൊരുക്കുന്നു. | November | English Teacher | |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിശബ്ദം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഓരോ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | June | English Teacher | |
| | Treasure Hunt - സൂചനകളിലൂടെ കിട്ടുന്ന ഒരു വസ്തുവിനെക്കുറിച്ച് വർണിക്കുന്നു. വസ്തു ഏതാണ് എന്ന് കുട്ടികൾ തിരിച്ചറിഞ്ഞ് പേര് പറയണം. | August | English Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 2) ഭാഷാ വായന പരിശീലിപ്പിക്കുന്നു. | Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | English Teacher | English Club |
| | One Man Show - അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | October | | |
| | I too Can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | July | | |
| | Learning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ chart ൽ എഴുതി കോണിപ്പടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | September | | |
| | F.M Corner - വ്യത്യസ്തമായ കഥകൾ Reader's Theatre radio drama രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | | |
| | Reader of the Month - English Newspaper വായിക്കാൻ അവസരം നൽകി 'Reader of the Month' നെ ആദരിക്കുന്നു. | മാസം തോറും | | |



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വ്യയം |
| --- | --- | --- | --- | --- |
| 3) തെറ്റ് കൂടാതെ English എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി class magazine, mini dictionary എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | English Teacher | English Club |
| | Alert Zone - സ്കൂൾ ബോർഡുകൾ, poster, notice എന്നിവ school അന്തരീക്ഷത്തിലും class room ലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | | |
| | Run Baby Run - ഇതിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | February | | |
| 4) English ഭാഷയോടുള്ള അഭിരുചി ഉണർത്തുന്നു | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി English അന്തരീക്ഷം സൃഷ്ടിച്ച് ഒരു English camp നടത്തുന്നു. | വർഷാവസാനം | | |

## യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ, നേടിയെടുക്കൽ | അക്കത്ത്-കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (June) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | P.T.A |
| | ഓർമച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | July | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | S.S Club |



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ video പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | August | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A |
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങിലേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനം മനസിലാക്കുന്നു | September | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S Club |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration class സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | October | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | P.T.A<br>S.S Club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നമ്മുടെ സൗഹൃദവട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | November | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | P.T.A<br>S.S Club |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്-ന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യ എന്നീ വിഷയങ്ങളിൽ awareness class സംഘടിപ്പിക്കുന്നു | December | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടറിവിലെ മങ്ങലുകൾ (ഫീൽഡ് ട്രിപ്പ്, survey)<br>പരിസ്ഥിതി ചർച്ചകൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി report തയ്യാറാക്കുന്നു | January | സാമൂഹ്യശാസ്ത്ര അധ്യാപകർ | P. T. A |
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നു. | പുതുചക്രവാളത്തിലേക്ക്<br>Civil Service exam എഴുതാൻ പ്രാപ്തിനേടും വിധം അറിവും പൊതുവിജ്ഞാനവും നേടാൻ സഹായിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | February | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S Club |



## യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ശേഷി ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ശേഷികൾ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, flash card, ... ഉപയോഗിക്കുന്നു) | June | Maths Teacher | P. T. A |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും മാനസിക ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br>Japanese കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | Maths Club | Maths Club |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് Maths class നടത്തൽ. | ആവശ്യാനുസരണം. | | |
| 4) ഗണിതം മധുരമാക്കാൻ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം - ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ 5-6 തവണ | Maths Teachers | Maths Club |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | I.T സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ഫലകങ്ങൾ, ടാൻഗ്രാം തുടങ്ങിയ പോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരിക്കൽ | Maths Club | P.T.A |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | | |



UP SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി- ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽകാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ. |

| | | | | |
|---|---|---|---|---|
| | പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂലൈ മുതൽ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | എക്സ്പ്ലോ- എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | | | |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | PTA സയൻസ് ക്ലബ്ബ് |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | PTA സയൻസ് ക്ലബ്ബ് |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3] ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4] പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കാണിച്ചു കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |



## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താൻ പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | <u>വാർത്താലോകത്തേക്ക്:</u> പത്രം, ആഴ്ചപതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | <u>വാർത്താവായന</u> നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | ആ മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി സർഗ്ഗശേഷി വളർത്തൽ | <u>സംവാദം/ മുഖാമുഖം</u> സാഹിത്യകാരന്മാർ, ചിന്തകർ, കലാകാരന്മാർ എന്നിവരുമായുള്ള നേരിട്ടുള്ള സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | HM മലയാളം അധ്യാപകർ | HM പി.ടി.എ |



| | | | | |
|---|---|---|---|---|
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നേടി എഴുത്തിലും സർഗാത്മകശേഷി വളർത്തലും | ഇ- കമ്പ്യൂട്ടിംഗ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ- മാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാസിക തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക വർഷം | പി.ടി.എ. സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ നേതൃത്വശേഷി ~~[illegible]~~ ഹെഡ്. ഹം അവതരണ മികവ്. | ~~[illegible]~~ ഹം ഹെഡ്. ഹം. വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

| | | | | |
|---|---|---|---|---|
| | മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | | | |




## അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി UP

### ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുകയും എഴുതുകയും വായിക്കുകയും ചെയ്യുക.
- ആശയങ്ങൾ തെറ്റുകൂടാതെ ക്രോഡീകരിക്കുവാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക.
- എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി ഹിന്ദി പഠനം ലളിതപ്പെടുത്തുക.
- ICT സഹായത്തോടെ ഹിന്ദിയിൽ ചെറിയ കഥകളും കവിതകളും പോസ്റ്ററുകളും കുട്ടികൾ മനസ്സിലാക്കി പറയുകയും എഴുതുകയും ചെയ്യുക.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പി[illegible] |
|---|---|---|---|---|---|
| 1. | 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി 5ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ വരമ്പിലാക്കി കൊടുത്ത് പരിചയിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് അക്ഷര രചന വീഡിയോ കാണിക്കൽ. കോപ്പി ബുക്ക് എഴുതുക എന്നിവ ചെയ്യിക്കുക.<br>• ഹിന്ദിയിൽ സ്വന്തം പേരെഴുതുക ക്ലാസ്സ്, സ്കൂൾ മുതലായവ എഴുതുക<br>• ക്രിയാ പദങ്ങൾ പഠിക്കുക.<br>വാക്കുകൾക്ക് നിറം നൽകുക. നിറങ്ങളുടെ പേര് ഹിന്ദിയിൽ എഴുതുക.<br>• വാക്കുകൾ പോലെ അക്ഷരങ്ങൾ വച്ച് വാക്കുകൾ നിർമ്മിക്കുക. | ജൂൺ മുതൽ ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | ബി.ആർ.സി. |
| 2. | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുക. | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഹിന്ദി അധ്യാപകർ | ബി.ആർ.സി. |

| [illegible] | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ. |
|---|---|---|---|---|
| [illegible]ഹിന്ദിയിൽ വാക്കുകൾ വാചകങ്ങൾ എന്നിവ തെറ്റുകൂടാതെ എഴുതുക. | • വാക്യങ്ങൾ ചോദ്യ ശബ്ദങ്ങൾ (कौन, कब, कैसे आदि) ശബ്ദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കുക.<br>• ഹിന്ദി ദിവസം, മറ്റു ദിനാചരണങ്ങൾ എന്നിവ, ഹിന്ദിയിൽ അസംബ്ലി നടത്തുക.<br>• മൃഗങ്ങളുടെയും, പഴങ്ങൾ പച്ചക്കറികൾ മുതലായവയുടെ പേരുകൾ പഠിക്കുക.<br>ICT സഹായം ഉപയോഗപ്പെടുത്തുക. | സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി അധ്യാപകർ | ബി.ആർ.സി. |
| | • ചാർട്ട് നിർമ്മാണം<br>• എണ്ണൽ സംഖ്യകൾ एक से दस तक അതിനുശേഷം 100 വരെ പഠിക്കുക.<br>• CWSN കുട്ടികൾക്ക് ചിത്രങ്ങൾ വരയ്ക്കുക. ചിത്രം കാണിച്ച് വാക്കുകൾ കണ്ട് പറയുകയും ചെയ്യുക.<br>• പോസ്റ്റർ നിർമ്മാണം | ഒക്ടോബർ ഡിസംബർ | ഹിന്ദി അധ്യാപകർ | |



| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|---|
| 4. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി, ദിനാചരണം<br>• അധികവായന സാമഗ്രികൾ ഹിന്ദി ചാർട്ടുകൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ് എഴുതുക.<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിപ്പിക്കുക.<br>• പോസ്റ്റർ നിർമ്മാണം<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ നിർമ്മിക്കുക. | സെപ്റ്റംബർ ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ബി.ആർ.സി |

# ഹൈസ്കൂൾ വിഭാഗം

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷര ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കുക, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രം-അടിക്കുറിപ്പ് ചിത്രം-കഥയെഴുതാൻ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ആദ്യ മൂന്നമാസം ജൂൺ ജൂലൈ ആഗസ്റ്റ് | പുസ്തകങ്ങൾ ചിത്രങ്ങൾ |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ, വായനോത്സവം സംഘടിപ്പിക്കൽ, പത്രവായന, പുസ്തക ചർച്ച, വായനാനുഭവം, വായനാക്കുറിപ്പ്, പതിപ്പ്, വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, ദിനാചരണം, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, ആസ്വാദ്യകരമായ വായന, ഇ-വായന.<br><br>എഴുത്തുകൂട്ടം രൂപീകരണം, പുസ്തക ചർച്ച, വായനക്കുറിപ്പ്, പതിപ്പ്, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, വ്യക്തിഗത രചന, സംഘരചന, ഭാഷാ പ്രോജക്ട്, സംവാദം, സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി . | ആറുമാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇൻററർനെറ്റ്, കമ്പ്യൂട്ടർ. |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | പ്രസംഗ പരിശീലന കളരി, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക, മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | ആറുമാസം | ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | | ജൂലൈ മുതൽ ഡിസംബർ വരെ | ഓഡിയോ, വീഡിയോ |

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് സ്റ്റോറി ടൈം, കാർട്ടൂൺ പ്രദർശനം. | അക്കാദമിക വർഷം | അധ്യാപകർ |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ഇംഗ്ലീഷ് അസംബ്ലി, പ്രൊഫൈൽ ആൻഡ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. ഇംഗ്ലീഷ് ദിനാചരണം, ചർച്ചകൾ.<br><br>ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു അവതരിപ്പിക്കുന്നു. അക്ഷര | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | അധ്യാപകർ |

| | | | |
|---|---|---|---|
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.<br><br>4. കവിത ആലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു. ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | കാർഡ്, പദ കാർഡ്, ചിത്ര വായന,ലഘു കഥ നിർമ്മാണം, പത്ര വാർത്തകൾ തയ്യാറാക്കൽ, ഡയറി.<br><br>അസംബ്ലി, ന്യൂസ് വായിക്കൽ, ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, ഇംഗ്ലീഷ് ഓഡിയോ അവതരണം, കവിതാരചന, ആലാപനം, ആസ്വാദനക്കുറിപ്പ്, റിവ്യൂ, മാഗസിൻ, ഇംഗ്ലീഷ്ഫെസ്റ്റ് | അക്കാദമിക വർഷം, ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം.<br><br>അസംബ്ലി, ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം.<br><br>അക്കാദമിക വർഷത്തിലൊന്ന് | പിടിഎ എസ് ആർ ജി<br><br>ഇംഗ്ലീഷ് ക്ലബ് |

ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക പിന്നെ ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവുനേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ | ഹ്രസ്വം ജൂൺ, ജൂലൈ |

| | | |
|---|---|---|
| വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | |
| ആഴ്ചയുടെ എണ്ണങ്ങൾ, പേരുകൾ പരിചയപ്പെടുത്തുന്നു. ഹിന്ദി അനായാസം എഴുതാനും, വായിക്കാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയ അവതരിപ്പിക്കുന്നു. ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. പദസൂര്യൻ, പ്രശ്നോത്തരി നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയ വായിക്കാനായി നൽകുന്നു, വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | മധ്യകാലം ഓഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ, ജനുവരി, ജൂലൈ, ജൂൺ. |

ഗണിതം

വിഷൻ

താരതമ്യ ബുദ്ധിയുള്ള ആലോചന ശേഷിയുള്ള പ്രശ്നപരിഹാര ശേഷിയുള്ള ഉത്തരവാദിത്വമുള്ള പൗരന്മാരെ വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

മിഷൻ

എല്ലാ നിലവാരത്തിലുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ സാങ്കേതികവിദ്യയുടെ സഹായത്തോടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക പഠനം ആസ്വാദ്യകരവും പ്രായോഗികവും ആക്കാൻ അക്കാദമിക് ക് നോൺ അക്കാദമി പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക ഗണിതശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ ദിനാചരണങ്ങൾ മേളകൾ മത്സരങ്ങൾ വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

| കാലം | 8 | 9 | 10 | നോൺ അക്കാഡമിക് മേഖല |
|---|---|---|---|---|
| ജൂൺ | ഒപ്പത്തിനൊപ്പം ചതുഷ്കീയ അവബോധ പരിശോധനയും പരിഹാരബോധനവും വർഗ്ഗങ്ങൾ തുല്യത്രികോണങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം. | ഒപ്പത്തിനൊപ്പം ചതുഷ്കീയ അവബോധ പരിശോധനയും പരിഹാരബോധ നവും സമവാക്യ ജോഡികൾ ദശാംശരൂപങ്ങൾ പുതിയ | ഒപ്പത്തിനൊപ്പം ചതുഷ്കീയ അവബോധ പരിശോധനയും പരിഹാരബോധ വും സമാന്തരശ്രേണി കൾ വൃത്തങ്ങളും കോണുകളും | ക്ലബ് ഉദ്ഘാടനം പ്രോബ്ലം ഓഫ് ദി വീക്ക് തുടക്കം ഗണിത ബുള്ളറ്റിൻ ബോർഡ്, ജൂൺ 19 Pascal ജന്മദിനാചരണം |

| | | | | |
|---|---|---|---|---|
| | | സംഖ്യകൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | |
| ജൂലൈ | തുല്യ ത്രികോണങ്ങൾ വർഗ്ഗസമൂഹ്യങ്ങൾ ബഹുപദങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | പുതിയ സംഖ്യകൾ ബ്രിഡ്ജ് ത്രികോണ പരപ്പ്. സമാന്തര വരകൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | വൃത്തങ്ങളും കോണുകളും സമാന്തരശ്രേണിയും ബീജഗണിതവും സാധ്യതകളുടെ ഗണിതം ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ഗണിത മേളയുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ് Weekly maths journal പ്രസിദ്ധീകരിക്കുന്നു Maths Talent Test |
| ആഗസ്റ്റ് | ബഹുപദങ്ങൾ സമവാക്യ പരിഹാരം ഒന്നാം പാദവാർഷിക പരീക്ഷ പി ടി എം | ഗുണന സമവാക്യങ്ങൾ അഭിന്നക ഗുണനം ഒന്നാം പാദവാർഷിക പരീക്ഷ പി ടി എം | രണ്ടാം കൃതി സമവാക്യങ്ങൾ ത്രികോണമിതി ഒന്നാം പാദ വാർഷിക പരീക്ഷ പി ടി എം | ഗണിത ക്വിസ് മത്സരം ഗണിത മാഗസിൻ Peer Tutoring – Teach a topic മത്സരം |
| സെപ്റ്റംബർ | പുതിയ സംഖ്യകൾ സമഭാജികൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | അഭിന്നക ഗുണനം സദൃശ്യ ത്രികോണങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ത്രികോണമിതി സൂചക സംഖ്യകൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | സ്കൂൾ ഗണിത മേള Geo gibra ൽ പ്രത്യേക പരിശീലനം Sep 5 Teachers Day കുട്ടി ടീച്ചർ മത്സരം |
| ഒക്ടോബർ | വോളിയം രണ്ട് പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ബ്രിഡ്ജ് വൃത്തങ്ങൾ വൃത്തങ്ങളുടെ അളവുകൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | വോളിയം രണ്ട് പാഠഭാഗങ്ങൾക്ലാസ് ടെസ്റ്റ് പരിഹാരബോധനം | സബ് ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക. Maths Puzzle Day സംഘടിപ്പിക്കുക |
| നവംബർ | വോളിയം രണ്ട് പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | രേഖീയ സംഖ്യകൾ ബഹുപദങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | രണ്ട് പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം Without '0' the world is nothing. Write a letter to zero. Nov4 ശകുന്തള ദേവി. |

| | | | | |
|---|---|---|---|---|
| ഡിസംബർ | പാഠഭാഗങ്ങൾ അർത്ഥവാർഷിക പരീക്ഷ പി ടി എം | വൃത്ത ഭാഗങ്ങൾ അർത്ഥ വാർഷിക പരീക്ഷ വിദ്യ | പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്ന അർദ്ധ വാർഷിക പരീക്ഷ, പിടിഎം | ദേശീയ ഗണിത ദിനം. (ഡിസംബർ 22) ആഘോഷം. |
| ജനവരി | പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് പരിഹാര ബോധനം | സ്തംഭങ്ങൾ ബഹുപദ ചിത്രങ്ങൾ അനുപാതം ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | വിജയഭേരി | പോസ്റ്റർ നിർമ്മാണം |
| ഫെബ്രുവരി | പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് റിവിഷൻ | അനുപാതം സ്ഥിതിവിവര കണക്ക് ക്ലാസ് ടെസ്റ്റ് റിവിഷൻ | റിവിഷൻ മോഡൽ പരീക്ഷ പി ടി എം | Pi-ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| മാർച്ച് | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം. |

സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1.അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപ്പോഷിപ്പിക്കുക.<br><br>2. ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ലഘു പരീക്ഷണം, ലഘു പ്രോജക്ട്, പാഠ സംബന്ധമായ പ്രദർശനം.<br><br>സെമിനാർ പേപ്പർ അവതരണം. | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |

| | | |
|---|---|---|
| 3. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക.<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | ശാസ്ത്ര ലാബ്, ഐ. ടി. ലാബ്.<br>തണൽമരങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | സയൻസ് അധ്യാപകർ |
| | | സയൻസ് അധ്യാപകർ |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br><br>ക്വിസ്, സെമിനാർ, പ്രോജക്ട്. | സയൻസ് അധ്യാപകർ. |

| | | |
|---|---|---|
| | | |

സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക.<br><br>ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക.<br><br>പൗര ബോധം മൂല്യബോധം വളർത്തുക. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മകമായ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br><br>സ്കൂൾ പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>ആകാശക്കാഴ്ചകൾ കൗതുക എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | അക്കാദമികവർഷം മുഴുവനും ആയി നടത്തുന്നു<br><br>അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകൻ<br>നമുക്ക് ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| പ്രവർത്തനങ്ങളിലൂടെ വളരുക.<br><br>സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലം നിർണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക.<br><br>വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ച് കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ ഉള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ്പരിചിതമാക്കുന്നു. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം.ചരിത്ര സിനിമ പ്രദർശനം. | വർഷം മുഴുവൻ.<br><br>അക്കാദമിക വർഷം മുഴുവൻ<br><br>അക്കാദമിക വർഷം മുഴുവൻ | |